**പതിമൂന്നാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാചോദ്യം നം: 1448

13.06.2014 ലെ
മറുപടിയ്ക്ക്

## ന്യൂനപക്ഷ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ സംവരണ വ്യവസ്ഥ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. ഉബൈദുള്ള | ശ്രീ. മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷ ക്ഷേമവും വകുപ്പു മന്ത്രി) |
| (എ) ന്യൂനപക്ഷ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ദുർബല വിഭാഗങ്ങൾക്ക് സംവരണം നൽകേണ്ടതില്ലെന്ന സുപ്രീം കോടതി വിധിക്കെതിരെ റിവ്യൂ ഹർജി നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (എ) ന്യൂനപക്ഷ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ദുർബല വിഭാഗങ്ങൾക്ക് സംവരണം നൽകേണ്ടതില്ലെന്ന 06.05.2014–ലെ W.P.(C) 416/12 നമ്പരായിട്ടുള്ള സുപ്രീം കോടതി വിധി സർക്കാർ പരിശോധിച്ചു വരുന്നു. പ്രസ്തുത കേസിലെ പ്രതി ഇൻഡ്യാ ഗവണ്മെന്റായതിനാൽ റിവ്യൂ സമർപ്പിക്കുന്നത് സംബന്ധിച്ച് തീരുമാനമെടുക്കേണ്ടത് കേന്ദ്ര സർക്കാരാണ്. |
| (ബി) നിലവിലുള്ള സംവരണ വ്യവസ്ഥകൾ പാലിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പു വരുത്താൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ; | (ബി) 2009 -ലെ കേന്ദ്ര വിദ്യാഭ്യാസ അവകാശ നിയമത്തിലെ സെക്ഷൻ 12(1) (C) -ൽ അനുശാസിക്കുംവിധം അൺ എയ്ഡഡ് സ്കൂളുകളിലും സ്പെസിഫൈഡ് കാറ്റഗറിയിലുൾപ്പെട്ട സ്കൂളുകളിലും 25 ശതമാനം ദുർബല വിഭാഗത്തിൽപ്പെട്ടവർക്കും ഡിസ്അഡ്വാന്റേജ്ഡ് വിഭാഗത്തിൽപ്പെട്ടവർക്കും സംവരണം ചെയ്യുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ 04.05.2013-ലെ G.O(MS).No. 158/13/പൊ.വി.വ നമ്പർ ഉത്തരവിലൂടെ പുറപ്പെടുവിച്ചിട്ടുണ്ട്. |
| (സി) ഭരണഘടന ഉറപ്പു നൽകുന്ന ന്യൂനപക്ഷ അവകാശങ്ങളും സാമൂഹിക നീതിയും ഉറപ്പു വരുത്താൻ സത്വരനടപടികൾ സ്വീകരിക്കുമോ? | (സി) സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ